**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 368** **23-07-2021 - ൽ മറുപടിയ്ക്ക്**

**പട്ടിക വർഗ്ഗ വികസന വകുപ്പിൽ ഇ - ഫയൽ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പട്ടിക വർഗ്ഗ വികസന വകുപ്പിൽ ഇ-ഫയൽ സംവിധാനം നടപ്പിലാക്കി വകുപ്പിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സുതാര്യമാക്കുന്നതിനും വേണ്ട പദ്ധതികൾ തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | പട്ടിക വർഗ്ഗ വികസന വകുപ്പിൽ ഇ-ഫയൽ സംവിധാനമായ DDFS (Digital Document Filing System ) നടപ്പിലാക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ്. |
| (ബി) | പട്ടിക വർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന വിവിധ വികസന പദ്ധതികൾ അവലോകനം ചെയ്യുന്നതിനും പ്രസ്തുത പദ്ധതികളുടെ ഗുണം ആദിവാസി വിഭാഗത്തിന് ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും വേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | പട്ടികവർഗ്ഗ വിഭാഗത്തിനായി നടപ്പിലാക്കുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനായി എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ അദ്ധ്യക്ഷനും ജനപ്രതിനിധികൾ അംഗങ്ങളുമായി മോണിറ്ററിംഗ് കമ്മിറ്റി നിലവിലുണ്ട്. ഇവർ ജില്ലാ തലത്തിൽ നടത്തുന്ന പദ്ധതികൾ യഥാസമയം പരിശോധിച്ചു പുരോഗതി വിലയിരുത്തിവരുന്നു. കൂടാതെ സംസ്ഥാനതലത്തിൽ ബഹു. മുഖ്യമന്ത്രി, ചീഫ് സെക്രട്ടറി, വകുപ്പ് മന്ത്രി, പ്രിൻസിപ്പൽ സെക്രട്ടറി, വകുപ്പ് ഡയറക്ടർ എന്നിവരുടെ അദ്ധ്യക്ഷതയിലും യഥാവിധി പദ്ധതി പുരോഗതി വിലയിരുത്താറുണ്ട്. പട്ടികവർഗ വികസന വകുപ്പ് ഡയറക്ടറേറ്റിൽ നിന്നുള്ള നിയന്ത്രണ ഉദ്യോഗസ്ഥർ എല്ലാ ജില്ലകളിലും സന്ദർശനം നടത്തി പുരോഗതി വിലയിരുത്തുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ എല്ലാ വ്യക്തിഗത ആനുകൂല്യങ്ങളും അവരുടെ തന്നെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് മാറി നൽകുന്ന ഓൺലൈൻ സംവിധാനം നിലവിലുണ്ട്. |
| (സി) | പട്ടിക വർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളിലെ വീഴ്ച്ചകളും അഴിമതികളും അന്വേഷിക്കാൻ ഒരു സ്വതന്ത്ര അന്വേഷണ സംവിധാനം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ